# മഴമേഘങ്ങളെ കാത്ത് ഡൽഹി

എ. ഹക്കീം



മഴത്തുള്ളികളും തലസ്ഥാന നഗരിയെ കൈയ്യൊഴിഞ്ഞു തുടങ്ങി.... വരൾച്ച അക്ഷരാർത്ഥത്തിൽ നഗരത്തെ വരിഞ്ഞു മുറുക്കുന്നു. ഇത്, ഡൽഹിയുടെ പച്ചപ്പിന് വരെ ഭീഷണിയായിത്തുടങ്ങി. പൂന്തോട്ടം നനയ്ക്കാനും വാഹനങ്ങൾ കഴുകാനും മറ്റുമുള്ള ജലവിനിയോഗം നിരോധിക്കണോ എന്ന ചിന്തയിലാണ് അധികാരികളിപ്പോൾ. ഏക്കർ കണക്കിന് പ്രദേശം ഇപ്പോൾ തന്നെ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചു കഴിഞ്ഞു. കാർഷികോല്പന്നങ്ങളുടെ ഉയരുന്ന വിലയും കുടിവെള്ള ദൗർലഭ്യവും ജനജീവിതത്തിന് വിലങ്ങുതടിയാകുന്നു.

ഇന്ത്യയിലെ നഗരത്തിൽ ജനസാന്ദ്രതയിൽ രണ്ടാം സ്ഥാനമാണ് നഗരത്തിന്. കോടിക്കണക്കിന് ജനങ്ങൾ അധിവസിക്കുന്ന ഇവിടെ, ഇവർക്കെല്ലാം വേണ്ട ജലസ്രോതസ്സ് ഇല്ല എന്നതാണ് സത്യം. ഭൂമിക്കടിയിലെ ജലനിരപ്പ് ക്രമാതീതമായി താഴുന്നതാണ് ജലസ്രോതസ്സിനു വന്ന കുറവിനു കാരണം. വെള്ളത്തിനു വേണ്ടി കൂടുതലും കുഴൽക്കിണറുകളെ ആശ്രയിക്കുന്ന ഇവിടെ ജലനിരപ്പ് ഉയരാൻ തക്കവണ്ണം മഴയും ഈ സീസണിൽ ലഭിച്ചില്ല. ജൂലൈ മാസത്തിൽ ശരാശരി 229.5 സെ. മി മഴ ലഭിക്കുന്ന നഗരത്തിൽ ഇത്തവണ ലഭിച്ചത് വെറും 7.2 സെ. മി മാത്രം. ചുരുക്കത്തിൽ, മഴത്തുള്ളികൾ തിമർത്തു പെയ്യുന്നത് കണ്ടാഹ്ലാദിക്കാൻ പോലും നഗരവാസികൾക്ക് കഴിഞ്ഞില്ല!

തെക്ക-പടിഞ്ഞാറൻ മൺസൂൺ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആദ്യമെത്തുന്നത് കേരളത്തിലാണ്, ജൂൺ1ന്. ഏതാണ്ട് ജൂലൈ പകുതിയാകുമ്പോഴേക്ക് ഇന്ത്യയിലെല്ലായിടത്തും മൺസൂൺ അതിന്റെ മൂർദ്ധന്യത്തിലെത്തിയിരിക്കും. ഡൽഹിയിൽ, കണക്കുകൾ പ്രകാരം ജൂൺ 29ന് മൺസൂൺ എത്തേണ്ടതാണ്. പക്ഷേ, ഇത്തവണ ജൂലൈ 19ന് ആണ് ഇവിടെ മൺസൂൺ രേഖപ്പെടുത്തിയത്. ബംഗാൾ ഉൾക്കടലിലും അറബിക്കടലിലുമായി രൂപം കൊള്ളുന്ന ന്യൂനമർദ്ദമാണ് തെക്ക - പടിഞ്ഞാറൻ മൺസൂൺ പിറക്കാൻ കാരണമായി പറയുന്നത്. പക്ഷേ, ഇത്തവണ, ഈ ന്യൂനമർദ്ദം ആവശ്യത്തിന് ശക്തിയാർജ്ജിക്കും മുമ്പ് തന്നെ, തലസ്ഥാനമടക്കമുള്ള പ്രദേശങ്ങളിലേക്ക് നീങ്ങിയത്രേ. ഗ്ലോബൽ വാമിംഗും കുറഞ്ഞ മൺസൂണിന് ഒരു കാരണമായിപ്പറയുന്നുണ്ട്.

സ്ഥിതിവിശേഷങ്ങൾക്കിടയിൽ, വരൾച്ചയെ എങ്ങനെ നേരിടണമെന്നതാണ് ഏറെ അലട്ടുന്ന പ്രശ്നം. വെള്ളത്തിന് മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണ് ഡൽഹിക്കിപ്പോൾ. അമിതജലവിനിയോഗം തടഞ്ഞും മറ്റും, വരൾച്ചയെ നേരിടാനാണ് സർക്കാർ തീരുമാനം. ഈ മൺസൂൺ അനിശ്ചിതാവസ്ഥ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തുമ്പോൾ വരൾച്ചയിലമർന്ന രാജധാനി മഴമേഘവർഷങ്ങളുടെ കനിവ് കാത്തുകിടപ്പാണ്. ഏറെ പ്രതീക്ഷയോടെ....